


വർണ്ണ കാഴ്ച

# G.H.S.S PADIYOOR



# LITTLE KITES G.H.S.S PADIYOOR





# ആമുഖം

പ്രിയപ്പെട്ടവരേ,

വാഗ്ദാനങ്ങളുടെ കണ്ണഞ്ചിപ്പിക്കുന്ന വെളിച്ചമോ അതിരില്ലാത്ത പ്രതീക്ഷകളോ നൽകി ആരെയും ആകർഷിക്കണമെന്ന ഉദ്ദേശ്യമില്ല.പ്രശംസകളുടെ

പൂച്ചെണ്ടുകളോടൊ വിമർശനങ്ങളുടെ കുരമ്പുകളോടൊ ആഭിമുഖ്യവുമില്ല.


പക്ഷേ...... ഒന്നുമാത്രം.......

വരൂ........

അല്പസമയം ഈ നനുത്ത കിനാവുകളുടെ നൈർമ്മല്യത്തിലേക്ക് ,കുഞ്ഞുഭാവന ഇതൾവിടർത്തുന്ന സുഗന്ധത്തിലേക്ക്, അതിന്റെ നിഷ്കളങ്കതയിലേക്ക് ഒന്നലിഞ്ഞു ചേരാം.

വരൂ...... ഒരല്പനേരം.......

# സന്ദേശം



വായനയുടെ ലോകം മാറി വരുന്ന ഈ കാലഘട്ടത്തിൽ ഡിജിറ്റൽ മാഗസീനിന് വലിയ പ്രാധാന്യം ഉണ്ട്. അതോടൊപ്പം വിദ്യാർത്ഥികൾ തന്നെ ഇത് തയ്യാറാക്കുന്നു എന്നത് വളരെ സന്തോഷമുള്ള കാര്യവുമാണ്. ഭാവനയുടെ വർണ്ണച്ചിറക് വിടർത്തി പറക്കാൻ ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു.

(ഹെഡ്മാസ്റ്റർ)

# പത്രാധിപ സമിതി

- ചീഫ് എഡിറ്റർ : അശോകൻ.എം (Head master )
- സ്റ്റാഫ് എഡിറ്റർ : സുരേഷ് കുമാർ.ടി.ഡി (Kite master )
  ത്രേസ്യാമ്മ.എം.എം ( Kite mistress )
- സ്റ്റുഡന്റ് എഡിറ്റർ : സെന്തിൽ.പി
- മുഖചിത്രം, ലോഗോ : അതുൽ കൃഷ്ണ & അഭിജിത്ത് വി രാജീവ്
- പിന്നണി : അതുൽ കൃഷ്ണ, അഭിജിത്ത് വി രാജീവ്,സെന്തിൽ.പി
  അനുഗ്രഹ്.എം.കെ,ധനുഷ് മുല്ലോളി,അജോ സിബി
  ഉമാകാന്ത്.എം
- ചിത്രങ്ങൾ : ധനുഷ് മുല്ലോളി & സെന്തിൽ
- സാങ്കേതിക സഹായം : സ്മിത.പി.കെ ( Teacher )

# വഴിമുട്ടിയ അന്വേഷണം

ആർത്തരമ്പുന്ന കടലിൽ ദൂരെ വിദൂരത്തു നിന്നൊരു കപ്പൽ അതിൽ നിറയെ സ്വർണ്ണാഭരണവും വജ്രവും വിലപ്പിടിപ്പുള്ള കുറേ വസ്തുങ്ങളും. പണ്ട് കൊള്ളക്കാർ ഉപയോഗിച്ചതെന്ന് തോന്നും എങ്കിൽ ഈ കാലമിത്രയായിട്ടും അത് നശിച്ചുപോകാതെ  ഈആർത്തിരമ്പുന്ന കടലിൽ. അതേ ഇത് സത്യമാണ് 'അവിടെ പോകു , എന്തെങ്കിലും നേടു , ആരെങ്കിലുമൊക്കെയാകു ' "ഇത് യാഥാർത്ഥ്യമാണ്" "ഇത് കേട്ടയുടൻ അയാൾ തീരുമാനിച്ചു. ഞാനിതുകണ്ടെത്തും അങ്ങനെ "ലിവിൻസ്റ്റൺ" തന്റെ യാത്ര ആരംഭിച്ചു. യാത്രമധ്യത്തിൽ അയാൾക്കൊരു സുഹൃത്തിനെ കിട്ടി"ലിനിയ" എന്നാണവളുടെ പേര്. അവൾക്ക് അയാൾ നടന്ന സംഭവം വിവരിച്ചുകൊടുത്തു. അവൾ പറഞ്ഞു ഇത് ഇതിനുമുൻപ് ഞാൻ കേട്ടിട്ടുണ്ട്. പക്ഷേ ഇത് അന്വേഷിച്ച് പോയവരാരും അന്വേഷണം പൂർത്തിയാക്കിയിട്ടില്ല , തിരിച്ചുവന്നിട്ടുമില്ല. എല്ലാവരെയും കടലെടുത്തു എന്നാണ് കേട്ടറിവ്. ഇത് നിനക്കെങ്ങനെ അറിയാം? വാർത്തയിലൂടെ അറിഞ്ഞു. കുറേ ദൂരംപിന്നിട്ടപ്പോൾ തന്റെ സുഹൃത്ത് തന്നെ വിട്ട് പോയി. വീണ്ടും ഏകാന്തയാത്ര. ലിവിൻസ്റ്റൺ ഒരു കടലിന്റെ തീരത്ത് എത്തി അവിടെ ഒരു പടുപാറക്കെട്ടുകൾ അതിൽ ഒന്നിൽ കയറിയിരുന്നു. പിന്നെ ചിന്തയിലാണ്ടു. കുറച്ചുകഴിഞ്ഞപ്പോൾ അയാൾ അവിടുത്തെ ലൈഫ്ഗാർഡിനെ കണ്ടുപിടിച്ചു. എന്നിട്ട് ഞാൻ ഒരു കാര്യം ചോദിക്കട്ടെ ? ലിവിൻസ്റ്റണിന്റെ മുഖത്തെ ആകാംഷ കണ്ട് ലൈഫ്ഗാർഡ് ചോദിച്ചു ? താങ്കൾ എവിടെയാണ് ഇരിക്കുന്നത് ? ദാ..... ആ പാറക്കെട്ടിൽ. നിങ്ങൾ അവിടെയിരുന്ന് കടലിനെ നിരീക്ഷിക്കാറുണ്ടോ ? ഉവ്വ... എന്നിട്ട് യാദൃശ്ചികമായി  എന്തെങ്കിലും കാണാറുണ്ടോ ? ഉവ്വ... ആ പൗർണ്ണമി നാളിൽ ആകാശത്തെ മേഘം മുഴുവനും മായും അന്ന് നല്ല നിലാവായിരിക്കും, കടൽ പകൽപോലെ കാണപ്പെട്ടും, ആർത്തിരമ്പിക്കൊണ്ട് കരകളിലേക്ക് വെള്ളം ആർത്തിയോടെ ഓടികയറും, അപ്പോൾ കടലിന്റെ വിദൂരത്തിൽ നിന്ന് ഒരു കുത്തു പോലെ കാണുന്ന ഒന്ന ഇത്രയും പറഞ്ഞപ്പോഴേക്കും   അയാൾക്കൊരു ഫോൺ വന്നു. ആ ഫോൺ കോളിൽ പറഞ്ഞത് കടലാക്രമണഉണ്ടാകുമെന്നും എല്ലാവരെയും ബീച്ചിൽ നിന്ന് മാറ്റണമെന്നുമായിരുന്നു. ഇതു കേട്ട ലിവിൻസ്റ്റൺ വേഗം തന്നെ ആ ബീച്ചു വിട്ടു.

( അനന്തുരാജൻ )

# മരവിച്ച യാത്ര...

കഥ



അതൊരു പൗർണ്ണമി ദിവസമായിരുന്നു.കോരിച്ചൊരിയുന്ന മഴയിൽ കത്തിയെരിയുന്ന മുത്തശ്ശിയുടെ ചിതയിലേക്ക് അവൾ കണ്ണും നട്ടിരിക്കുകയായിരുന്നു.

അവൾക്ക് അമ്മയും അച്ഛനും ഇല്ല ,ആകെ ഉള്ളത് അവളുടെ മുത്തശ്ശിയാണ്. പിന്നെ ഒരു ചെറിയച്ഛനും.അദ്ദേഹം കല്യാണം കഴിച്ചിട്ടില്ല. എന്നും കള്ളുകുടിയാണ്. അച്ഛന്റെയും അമ്മയുടെയും സ്നേഹം അവൾക്ക് ലഭിച്ചത് മുത്തശ്ശിയിൽ നിന്നാണ്.

ചെറിയച്ഛന്റെ കള്ള് കുടി കാരണം ഇപ്പോൾ അവർ മുഴുക്കടത്തിലാണ്. ഒരു വഴിയും ഇനി അവർക്കില്ല.അവൾക്ക് പഠിക്കണമെന്ന് അതിയായ ആഗ്രഹം ഉണ്ട്. ഇപ്പോൾ അവൾ ഏഴാം ക്ലാസിൽ പഠിക്കുകയാണ്. സ്കൂളിൽ ഫീസടക്കാൻ അവൾ വീട്ടുജോലിയും ചെയ്യുന്നുണ്ട്. ദുരിതപൂർണ്ണമാണ് അവളുടെ ജീവിതം. ഒരിക്കൽ സ്കൂൾ ഫീസ് അടക്കാഞ്ഞിട്ട് ടീച്ചർ അവളെ പൊതിരെ തല്ലി . അവൾക്ക് വിഷമം വരുമ്പോൾ അവൾ മുത്തശ്ശിയുടെ മടിയിൽ കിടന്നുകരയും. ഇനി അവൾ ആരുടെ മടിയിൽ കിടന്നാ കരയുക?

ആരോടാ തന്റെ വിഷമങ്ങൾ പറയുക? അവൾ വാവിട്ടുകരഞ്ഞു. രാവിലെയായിട്ടും മഴ ശമിച്ചിരുന്നില്ല. അവർ പുറത്തേക്കിറങ്ങി. ചെറിയച്ഛൻ വരാന്തയിൽ കിടന്നുറങ്ങുകയാണ്. വീട്ടിൽ വന്ന അയൽക്കാരെല്ലാം അവളെ ആശ്വസിപ്പിച്ച് പുറത്തിറങ്ങി. കരഞ്ഞു തളർന്ന അവളുടെ മുഖത്തേക്ക് മഴത്തുള്ളികൾ
വന്നുവീണു. ആ ചെറുതുള്ളികൾ അവളെ ആനന്ദം കൊള്ളിച്ചു.

ദിവസങ്ങൾ കഴിഞ്ഞു. ഇന്ന് രാവിലെയാണ് ചെറിയച്ഛൻ വന്നത്. വളരെയധികം കുടിച്ചിരുന്നു.ഭ്രാന്ത് വന്നതുപോലെ അവളെ ഉപദ്രവിക്കാൻ ചെറിയച്ഛൻ ശ്രമിച്ചു. എന്താണെന്നറിയില്ല ,കുറച്ച് കഴിയുമ്പോൾ ചെറിയച്ഛൻ പിച്ചും പേയും പറയുന്നതു കേട്ടു. അതിനിടയിൽ അവൾ കേട്ടത് തന്റെ വാത്സല്യനിധിയായ മുത്തശ്ശി ഉറങ്ങുന്ന വീട് നാളെ ജപ്തി ചെയ്യുമെന്നാണ്. അവൾക്ക് സങ്കടം സഹിക്കാനായില്ല. അവൾ മുത്തശ്ശിയുടെ ചിതകത്തിച്ച സ്ഥലത്തേക്ക് പോയി. അവൾ അവിടെ കിടന്ന് ഉറക്കെ നിലവിളിച്ചു. അവളെ തണുത്തക്കാറ്റ് പൊതിയുന്നതായിത്തോന്നി. അവൾക്ക് തണുക്കാൻ തുടങ്ങി. അവൾ മുത്തശ്ശിയെ ഉറക്കെ വിളിച്ചു. ഒരു കാറ്റുപോലെ മുത്തശ്ശി ഒഴുകിവന്നു... ആ കാറ്റിൽ മുത്തശ്ശിയുടെ ഗന്ധം പരന്നു, ‘എന്നെയും കൊണ്ടുപോ മുത്തശ്ശി’ അവൾ തേങ്ങി ‘വാ മോളെ ’ മുത്തശ്ശി കൈനീട്ടി അവൾ ആ കൈപിടിച്ച് പറന്നു, പറന്നകന്നു. മുത്തശ്ശിയുടെ ചിതയ്ക്കടുത്ത് തണുത്ത് മരവിച്ച് ചലനമറ്റ് അവൾ താഴെ വീണു. അവളുടെ കുഞ്ഞുകൈകൾ ചുവന്നതുടുത്തു. അവൾ ആ വീടിനോട് യാത്ര പറഞ്ഞു.

-അഞ്ജിത പി

# വാർദ്ധക്യമെന്നതേ നരകം



സങ്കടക്കടലിലേക്കുള്ള യാത്ര
സ്നേഹം അടർന്നുപോകുന്ന മരണയാത്ര
മക്കൾതൻ വഴികൾ കേൾക്കേണ്ടയീ
അവസ്ഥ
വിരഹമാം ജന്മത്തിൽ വിധിയാണോ
ദൈവമേ...
ശിശുവിനും കൗമാരത്തിനും യൗവനത്തിനും
ശേഷമീ നരകയാത്ര...
ജീവിതത്തിൻ അവസാനഘട്ടമാണെങ്കിലും
ജീവിതം വൃദ്ധസദനത്തിൽ തന്നെ
ദൈവങ്ങൾ തൻപരീക്ഷണമോ ഇത്
ദൈവങ്ങൾ തൻ വിധിയോ ഇത്.
കഷ്ടപെടലിലൂടെ പോറ്റിവളർതത്തിയ മക്ക-
ളിപ്പോൾ ഭാര്യയുടെ സാരിത്തുമ്പുകളിലായി
ആർക്കും വേണ്ടാത്ത പാഴ്ജന്മമായി
ജീവിച്ചുതീർക്കയീ നരകകാലം.
എങ്കിലും വൃദ്ധസദനങ്ങളിൽ കാത്തിരി-
ക്കുന്നു ഞാൻ എന്റെ പൊൻമക്കളേ...
വീടാശ്ശുരുതിയ വൃദ്ധസദനങ്ങളിൽ
നിന്നെനിക്കൊറ്റൊരു പ്രാർത്ഥന മാത്രം
എന്നെയങ്ങുവിളിക്കണേ ദൈവങ്ങളേ...
വാർദ്ധക്യമെന്നാൽ മരണത്തിനുവേണ്ടി-
യുള്ള കാത്തിരിപ്പു മാത്രം.
വേദനകളും സങ്കടങ്ങളും വിട്ടൊഴിയാതെ
ബാല്യമോർത്തും മക്കളെയോർത്തും
ബാധ്യതയായിജീവിച്ചുതീർക്കേണ്ടൊരു
അവസ്ഥയതാണല്ലോ വാർദ്ധക്ക്യം.

വിഷയം: വികസനത്തിൽ പുറന്തള്ളപ്പെട്ടുപോകുന്ന മനുഷ്യർ

## വിയർപ്പിന്റെ വില



വെയിലിന്റെ ശക്തിക്രൂടി, ആ വെയിലിനെ ഒന്നും വകവെക്കാതെ ആ കർഷകൻ പണിയെടുക്കുകയാണ്. ഒരുപാട്കഷ്ടപാടുകൾഉള്ള ഒരു മനുഷ്യനാണെന്ന്. അദ്ദേഹത്തിന്റെ ശരീരപ്രകൃതംകണ്ടാൽമനസ്സിലാക്കാം വിയ ർപ്പോലിച്ച്മെലിഞ്ഞ് എല്ലുകൾ എല്ലാം പുറത്തേക്ക് തള്ളി നിൽക്കുന്നു. ഇതാണ് ആ കർഷകന്റെ ശരീരപ്രകൃതം. അയാൾക്ക് തളർന്ന് കിടക്കുന്ന ഭാര്യയും നന്നായി പഠിക്കുന്ന ഒരു മകനുമാണ് ഉള്ളത്. രാവിലെ മകനുവേണ്ട കാര്യങ്ങളും ഭാര്യയുടെ മരുന്നും അവർക്കാവശ്യമായ കാര്യങ്ങളും കൊടുത്തിട്ടാണ് അയാൾവയലിലേക്ക് പോവുന്നത്. അങ്ങനെയിരിക്കെ സ്ഥലമുഠമുടമസ്ഥൻ ഒരുപാട് ആളുകളുമായി അവിടെ എത്തി. കുറെയധികം കീടങ്ങൾ വയലിൽ ഉള്ളതകൊണ്ട് അവർ രാസകീടനാശിനികൾ തളിക്കാൻ വന്നവരായിരുന്നു എന്നാൽ കർഷകൻ അതിനു സമ്മതിച്ചില്ല. പക്ഷെ അയാളുടെ വാക്കുകൾ ആരും ഉൾക്കൊണ്ടില്ല. അവർ കീടനാശികൾ തളിച്ച് തിരികെപോയി. പിറ്റെ ദിവസം വയലിൽ എത്തിയപ്പോൾ കണ്ടകാഴ്ച അയാളെ അമ്പരപ്പെടുത്തി. മത്സ്യങ്ങളുംതവളകളും ചത്തുപൊന്തിയിരിക്കുന്നു. എന്നിട്ടും സ്ഥലമുടമസ്ഥനം ആളുകളും ഇതാവർത്തിച്ചു. പക്ഷെകീടങ്ങൾക്രൂടുകയാണ് ചെയ്തത്. ഇതിന്റെ കാരണം എന്താണെന്ന് അവർക്ക് ആർക്കും മനസിലായില്ല. പക്ഷെ കർഷൻ പറഞ്ഞു" ഇതിന്റ കാരണം എന്താണെന്ന് എനിക്ക് ആറിയാം. നിങ്ങൾ കീടനാശിനി തളിച്ചപ്പോൾ കീടനാശിനികൾക്ക്പകരം തവളകളുംമീനുകളുമാണ് ചത്തത്. അവയുടെ ആഹാരമായിരുന്നു കീടങ്ങൾ. തവളകളെല്ലാം ച്ത്തതോടെ കീടങ്ങളുടെ എണ്ണം ക്രൂടി." ഇത് കേട്ടതോടെ അവർ നിരാശരായിമടങ്ങി.എന്നാൽ കർഷകന്റെ മകൻ നന്നായി പഠിക്കുന്നഒരുവനായിരുന്നു. എങ്കിലും അവന്റെ മുഖത്ത് ഒരു സന്തോഷവും ഉണ്ടായിരുന്നില്ല. അവൻ അച്ഛന്റെ ഒരു അധ്വാനവും അറിയില്ലായിരുന്നു. അവന്റെ സ്ക്കുളിൽ നന്നായി പഠിക്കുന്ന ഒരു കുട്ടിയായിരുന്നു അവൻ. അതുകൊണ്ടുതന്നെ അവന്റെ ക്ലാസിലെ എല്ലാ കുട്ടികൾക്കും അവനോട് അസൂയയായിരുന്നനു. അവർ എപ്പോഴും അവനെ കളിയാക്കികൊണ്ടിരുന്നു. “അവൻ ഒരു നല്ല കുട്ടിയല്ല ,അവൻ പാവപ്പെട്ട കുടുംബത്തിലെതാണ്". എന്നൊക്കെ ആയിരുന്നു അവരുടെ അഭിപ്രായം. എന്നാലും അവൻ അതിനെ ഒന്നും വകവച്ചില്ല. ഒരു ദിവസം ആകർഷകന് വെള്ള്

# ഉപന്യാസം



## വിഷയം: പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രസക്തി

ദൃശ്യമനോഹാരിത വാരിവിതറിയ രമണീ സുന്ദരിയാണ് പ്രകൃതി. നമ്മുടെ ജനനം മുതൽ ഓരോ അവസ്ഥയിലും നാം പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്നു. ശാലീനതിയായ അവർ നാമോരോരുത്തരെയും തഴുകിക്കൊണ്ടിരിക്കുന്നു.

എന്നാൽ നാം ആ ശാലീനതയെ ഓരോ രീതിയിലും നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. വികസനത്തിന്റെ തീച്ചൂളയിലാടി നാം പ്രകൃതിയെ കാന്നു തിന്നുന്നു. അശാസ്ത്രീയമായ നിർമാണപ്രവർത്തനങ്ങൾ, വായുമലിനീകരണം, പ്ലാസ്റ്റിക് ഉപയോഗം, വനനശീകരണം എന്നിവ പരിസ്ഥിതി മലിനീകരണത്തിന് കാരണമാകുന്നു. ഖനികളിലും മറ്റ് മേഖലകളിലും ഉള്ള നിർമ്മാണപ്രവർത്തനങ്ങൾ രൂക്ഷമായ പരിസ്ഥിതി പ്രശ്നത്തിന് കാരണമാകുന്നു. വാഹനങ്ങളിൽ നിന്നും മറ്റ് ഫാക്ടറികളിൽ നിന്നുമെല്ലാം ഉള്ള പുകയും മറ്റ് വിഷവാതകങ്ങളും വായുമലിനീകരണത്തിനും തുടർന്ന് പാരിസ്ഥികപ്രശ്നങ്ങളും ഉണ്ടാക്കുന്നു. പ്ലാസ്റ്റിക് എന്ന മാരകമായ വിഷവസ്തു മണ്ണിൽ ലയിക്കുകയില്ല. അത് നാം മണ്ണിലും മറ്റ് ജലാശയങ്ങളിലും വലിച്ചെറിയുകയും അത് വലിയ മലിനീകരണത്തിന് കാരണമാവുകയും ചെയ്യുന്നു. വനങ്ങളും വയലുകളും നികത്തുന്നതും മരങ്ങൾ മുറിക്കുന്നതും വലിയ പ്രശ്നങ്ങൾക്ക് കാരണമാകുന്നു. ഈ പാരിസ്ഥികപ്രശ്നങ്ങൾ നാമോരോരുത്തരെയും വലിയ രീതിയിൽ ബാധിക്കുന്നു.

നാം ഉണ്ടാക്കുന്ന ഈ പ്രശ്നങ്ങളുടെ പ്രത്യാഘാതമാണ് കേരളം സാക്ഷ്യം വഹിച്ച പ്രളയം. ഈ പ്രളയത്തിന്റെ പ്രത്യാഘാതത്താൽ ദുരിതം അനുഭവിക്കുന്നവർ ഇന്നും ഉണ്ട്. സ്വന്തം വീടും, കുടുംബവും, കൂട്ടുകാരും നഷ്ടപെട്ട് ദുരിതം അനുഭവിക്കുന്നവരും ദുരിതാശ്വാസക്യാമ്പുകളിൽ കഴിയുന്നവരും ഒട്ടനവധിയാണ്.

ഈ പ്രളയം പോലെതന്നെ ലോകത്തിന്റെ ഒരോ ഭാഗത്തും പ്രളയത്തിനും രോഗാവസ്ഥയ്ക്കും പലരും സാക്ഷ്യം വഹിക്കുന്നുണ്ട്. അതിനെല്ലാം കാരണക്കാർ നാം തന്നെ.

ഈ പ്രയാസങ്ങൾ എല്ലാം മറികടക്കാൻ ഈ വരികൾ പോലെ ഒത്തുചേരാം.

**“ഒരു തൈ നടാം നാളേയ്ക്കുവേണ്ടി**
**ഒരു തൈ നടാം കുട്ടികൾക്കുവേണ്ടി"**

**നമ്മുടെ നാടിനു വേണ്ടി നമുക്ക് ഒരുമിച്ച് കൈ കോർക്കാം**




**-അഞ്ജിത പി**

# പ്രകൃതി

കാടുണ്ട് മേടുണ്ട് മലകളുണ്ട്
പ്രകൃതി എന്നമ്മയുടെ മാറിൽ ചായാൻ
പുഴയുണ്ട് തോടുണ്ട് കടലുമുണ്ട്
പ്രകൃതിയുടെ തണലിൽ ഒഴുകീടുവാൻ
സ്നേഹം പതഞ്ഞിടും പുഴകളോട് ചൊല്ലാം
പ്രകൃതി.....എൻമക്കളെ കാത്തീടേണം
പ്രളയകുളിരിലും പേമാരി തന്നിലും
എന്റെ കുഞ്ഞുങ്ങളെ നോവിക്കല്ലെ
പ്രളയം തോർന്നു പേമാരി തോർന്നു
പ്രകൃതിയുടെ പ്രാർഥന കേട്ടുവല്ലോ
നീ പ്രകൃതിയുടെ ദുരിതം കേട്ടുവല്ലോ
കാടുണ്ട് മേടുണ്ട് മലകളുണ്ട്
പ്രകൃതിയെന്നമ്മയുടെ മാറിൽ ചായാൻ
പ്രകൃതിയെന്നമ്മയുടെ മാറിൽ ചായാൻ

-അളകന്ദ സി .പി



# ഭൂതകാട്

പണ്ട് പണ്ട് ഒരു സ്ഥലത്ത് മൃഗങ്ങളും ജന്തുക്കളും നിറഞ്ഞ ഒരു വലിയ കാട് ഉണ്ടായിരുന്നു.



ആ കാടിന്റെ അപ്പുറത്ത് ഒരു കൊച്ചു ഗ്രാമം ഉണ്ടായിരുന്നു.ആ ഗ്രാമത്തിൽ കുറേ കുട്ടികൾ ഉണ്ടായിരുന്നു.അവർ പഠിക്കുന്ന സ്കൂളിൽനിന്ന് അവിടെ പഠിപ്പിക്കുന്ന "മാഷ്" അവർക്ക് ഒരു കാടിനെ പറ്റിയുള്ള കഥ പറഞ്ഞു കൊടുത്തു.അവിടത്തേക്കുള്ള വഴിയും പറഞ്ഞുകൊടുത്തു. ആ കാടിന്റെ പേരാണ് ഭൂതക്കാട്.കുട്ടികൾ ചോദിച്ചു"മാഷേ ഭൂക്കാട് എന്ന് പേര് വരാൻ കാരണമെന്താണ് ?".

മാഷ് പറഞ്ഞു"അവിടെ മനുഷ്യർ കൊന്നടുക്കിയ ജന്തുജാലങ്ങളുടെയും അവശിഷ്ടങ്ങൾ കൂടി ചേർന്ന് ഉണ്ടായതാണ് ഭൂതം എന്ന വാക്ക് .അതുകൊണ്ടാണ് ഈ കാടിന് ഭൂതക്കാട് എന്ന പേരുവന്നത്."

ഗുണപാഠം

വിവരങ്ങൾ ശേഖരിച്ച് മാത്രമേ അവിടേക്കുള്ള .യാത്ര ആരംഭിക്കാൻ പാടുള്ളൂ.

-വിഷ്ണു ദിനേശ്

# പ്രളയം

പ്രളയമെന്ന പ്രകൃതിക്ഷോഭത്തെ
കേരള ജനത മറന്നുകാണില്ല.
മലകൾ ഇടിച്ചു നിരത്തി,
മണ്ണെടുത്ത് വയൽ നികത്തി
കിണറും കുളവും തോടും പുഴയും
മണ്ണിട്ടുമൂടി മനുഷ്യർ മണ്ണിട്ടുമൂടി.

ഒടുവിൽ അവളുടെ സഹനശേഷി
നഷ്ടപ്പെട്ടു ,എങ്കിലുമവൾ പിടിച്ചു നിന്നു
പിന്നീടവൾ പൊട്ടിത്തെറിച്ചു,
അവളെ ദ്രോഹിച്ച ജനങ്ങൾക്ക്
അതൊരു മറുപടിയുമായ് മാറി.

പ്രകൃതിയായയമ്മയുടെ കണ്ണീർ കവിളിലൂടൊഴുകി
അത് മണ്ണിൽ മഴയായി പെയ്തു
പ്രളയമായി ഒഴുകിയോരാ കണ്ണുനീരിൽ
പ്രകൃതിതൻ ദ്രോഹികൾ കെടുതിയാൽ വലഞ്ഞു.
പ്രകൃതിയാമമ്മയുടെ കണ്ണീർ തുടയ്ക്കാൻ
വരുമോ നീയെന്റെ കൂട്ടുകാരാ...
അതിനായിട്ടീജൻമംമതിയാകുമോ...?

-അൻസിയ



വായനാ കുറിപ്പ്



# വീഞ്ഞ്

ആന്റൺചെക്കാവ്

പുനരുഖ്യാനം: ടി. എൻ. പ്രകാശ്

ആന്റൺ ചെക്കോവിന്റെ ആറുകഥകളാണ് വീഞ്ഞ് എന്ന പുസ്തകത്തിലുള്ളത്. ഒരു കലാകാരൻ എന്ന നിലയിൽ ആരുമായും താരതമ്യപ്പെടുത്താൻ കഴിയാത്ത അതുല്യൻ. ജീവിതത്തിന്റെ ശിൽപ്പി. എളുപ്പം മനസ്സിലാകുന്നതും ജീവിതവുമായി ഏറ്റവുമടുത്തു നിലനിൽക്കുന്നതുമായ കഥകളാണ്ചെക്കക്കക്കോവിന്റേത്. ഇരുപതു വർഷം കൊണ്ട് ഇരുപതാം നൂറ്റാണ്ടിനെപ്പോലും തകർക്കാനാകാത്ത,പുതുമണം മായാത്ത കഥകളാണ് അദ്ദേഹത്തിന് നൽകാൻ കഴിഞ്ഞത്. ഈ കഥകൾ മലയാളത്തിലേക്ക് പുനരുഖ്യാനം ചെയ്തത് ടി. എൻ. പ്രകാശ് ആണ്. ജീവിതകാമനകളുടെ വിശുദ്ധമായ നിർവചനങ്ങളും, മനുഷ്യാനസ്തകളുടെ സേനാഹങ്ങളും ഒരുപോലെ പ്രകാശിതമാകുന്ന ആറു കഥകൾ.

"പ്രതിയോഗികൾ, കുറ്റാന്വേഷകൻ, വീഞ്ഞ്, ബെറ്റ്, പരാജയപ്പെട്ട വ്യക്തി, പുറന്തള്ളപ്പെട്ടവർ" ഈ ആറുകഥകളും വലകെ നല്ല കഥകളാണ്. ഇതിൽ "ബെറ്റ്" എന്ന കഥയൽ മനുഷ്യ സംസക്കാരത്തിന്റെ കൊടിക്കൂറ പാറിച്ച അത്യുത്തമകലാസൃഷ്ടിയിലൂടെയാണ് മനുഷ്യൻ ആത്മാവിൽ സമ്പന്നമാകുന്നത്.അക്ഷരവും അറിവും കൊണ്ടുകൂടിയാണെന്നു തെളിയിക്കുന്ന മഹത്തായ ആ കലാസൃഷ്ടി വായിക്കുമ്പോൾ ഏതോ പുണ്യനദിയിൽ മുങ്ങിനിവർന്ന അനുഭവമാണ് വായനകാർക്ക് അനുഭവപ്പെടുന്നത്. പ്രചണ്ഡമായകാലത്തിന്റെ നഗ്നനൃത്തങ്ങൾ ഈ കഥകളുടെ അന്തസ്സിനെ ഉയർത്തിപ്പിടിക്കുന്നു. വീഞ്ഞ് എന്ന കഥ എല്ലാവർക്കും മനസ്സിലാക്കാവുന്നതാണ്.

-സനിഷ

# MAN MADE DISASTERS



World that is not a word . That is our life. In this whole world our life is small. So what we can do in this life. We have to live good way in this life. Anyway, in this time we just over come a flood. Flood is not a false from this nature . Our activities makes all the disasters. So we have to control what we makes.

We have to think , thing make the man perfect . We have to learn natures problem why man become cruel. Why the world become to royal. Drought ,flood, global warming,, all are made by us. Because the man changed to a fire , fire is a killers to everyone.

When we trusted the nature, that time we can make a new start in the life .That start makes the man perfect . We have to do a revolution. Natures protection is our responsible. We have to love nature. We have to live in nature. We have to learn nature. Keep a relation with nature.

We all know Gandhiji. He is not a man . He is man god. His words are most valuable . He is giving more values to nature . We have to stop man made dis asters If this dis aster will continue , we have to live this world usually . So we have to think. The after effects by this .

Do we think what we gain in this? What we want in this? Avoid from everyone is the most tempting way to defeat one. So we have to avoid it. All we are the new generation people. We have to stop the old generation keeped a big relation with nature. So that time nature was so happy . But this time nature was crying. So many nature lovers in this word. We have to make a group with this. If that is possible , We can make a new world, with out no crimes, no disasters. Nature is our life. Nature gives us many valuable moments. Actually it we think we can get that nature is our mother . It any one kill his own mother. I say not. Because , Mother is not only our mother thats our life. So before think to do man made disasters that this.

So we have to love ,protect , care nature . Dont make man made disasters.

by

Libin Sunny

# കൊഴിയുന്ന ഇല

ഒരു നിഴലായിരുന്ന സ്നേഹക്കടലായിരുന്ന
സങ്കടക്കടലിലേക്കുള്ള യാത്ര
മരണത്തിൻ വക്കിലേക്കുള്ള യാത്ര
പിടയുന്ന പൂവ്വ് പോൽ
പ്രായത്തിൻ അവസാന വക്കിലൂടെ വഴുതി
നീങ്ങുന്ന നാളിതു വാർദ്ധക്യം
വാർദ്ധക്യമെന്നൊരു പാതയിൽ എത്തുമ്പോൾ
ഏകയായി മാറുന്നൊരീ ജീവിതം
മേലാകെ ചുളിവുമായിതൊലിയിൽ
ആരുമെ നോക്കാതെ പോയിടുന്നു
മനുഷ്യജന്മത്തിലെ പ്രായത്തിൻ
അവസാന നാഴികയാണിതു വാർദ്ധക്യം
കാലം പറിക്കുന്ന ജീവിതയാത്രയിൽ
സ്നേഹമില്ലാതെ പിടയുന്നു
കാറ്റിൽ കൊഴിയുന്ന ഇലപോലെയാകുന്നു
ജീവിതമെന്നൊരു വാർദ്ധക്യം
സ്നേഹം കൊടുത്തൊരാ അമ്മയെ
വാർദ്ധക്യനാളിൽ മറക്കുന്ന മക്കളെപോൽ
ഒഴുകുന്ന പുഴപോലെ പിടയുന്ന മീൻപോലെ
ഏകയായി മാറുന്ന വാർദ്ധക്യം
വാർദ്ധക്യം എന്നതൊരു ശരിയാണ്
മായ്ക്കാൻ പറ്റാത്ത സത്യം ഉപേക്ഷിക്കാൻ പറ്റാത്ത സത്യം
ഒരു ജന്മമുണ്ടെങ്കിൽ ഏതു മനുഷ്യനും
പോകുന്ന യാത്രയിതു വാർദ്ധക്യം
തിരിച്ചെടുക്കാനോ കൊടുക്കാനോ
കഴിയാത്ത ജീവിതയാത്രതൻ സത്യം

(കീർത്തന പി. വി)

# അന്ത്യവിശ്രമ സ്ഥാനങ്ങൾ

| | |
|---|---|
| ഗാന്ധിജി | രാജ്ഘട്ട് |
| അംബേദ്കർ | ചൈത്യഭൂമി |
| ജവഹർലാൽ നെഹ്റു | ശാന്തിവനം |
| ഇന്ദിരാഗാന്ധി | ശക്തിസ്ഥൽ |
| കെ. ആർ. നാരായണൻ | ഏകതാസ്ഥൽ (കർമഭൂമി) |
| രാജീവ് ഗാന്ധി | വീർഭൂമി |
| ലാൽ ബഹദൂർ ശാസ്ത്രി | വിജയ്ഘട്ട് |
| ചരൺസിങ് | കിസാൻഘട്ട് |
| സെയിൽ സിങ് | ഏകതാസ്ഥൽ |
| മൊറാർജി ദേശായി | അഭയ്ഘട്ട് |
| ഗുൽസാരിലാൽനന്ദ | നാരായൺ ഘട്ട് |
| ജഗ്ജീവൻ റാം | സമതാസ്ഥൽ |
| കൃഷ്ണകാന്ത് | നിഗംബോധ് ഘട്ട് |
| ശങ്കർദയാൽ ശർമ | ഏകതാസ്ഥൽ |
| ചന്ദ്രശേഖർ | ഏകതാസ്ഥൽ |

# "ആകാശയാത്രയും തീവണ്ടിയാത്രയും"



(യാത്രവിവരണം)

എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട യാത്ര മൂന്നാം ക്ലാസ്സിൽ സ്ക്കൂൾ പൂട്ടിയപ്പോൾ പോയതായിരുന്നു. വളരെ നല്ല യാത്രയായിരുന്നു. തീവണ്ടിയിലായിരുന്നു യാത്ര . അന്ന് എന്റെ ആദ്യ തീവണ്ടിയാത്രയായിരുന്നു. തീവണ്ടിയിൽ പോകുമ്പോൾ മരങ്ങളും ചെടികളും ഒക്കെ നടക്കുകയാണെന്നു തോന്നും. ഞാനും അച്ഛനും അമ്മയും അനിയനും മാമനും അടങ്ങുന്ന ഒരു യാത്രയായിരുന്നു. ഓറഞ്ചും മിഠായികളുമൊക്കെ തിന്ന് ഒരുപാട് വർത്തമാനങ്ങളൊക്കെ പറഞ്ഞ് സുഖമായി തീവണ്ടിയിൽ പോയി.

തീവണ്ടി നിർത്തിയത് 'കുറ്റിപ്പുറം' എന്ന സ്ഥലത്തായിരുന്നു. അവിടെ നിന്നും ബസ്സിൽകയറിയാണ് ജനങ്ങളെല്ലാം ആരാധിക്കുന്ന കൃഷ്ണന്റെ അമ്പലത്തിലെത്തിയത്. കേരളത്തിലെ ഏറ്റവും പ്രസിദ്ധമായ ക്ഷേത്രം "ഗുരുവായൂർ ക്ഷേത്രം". അവിടെ ഒരു റൂമെടുത്ത് രാത്രിയിൽ അമ്പലത്തിൽ പോയി. വിദേശികൾ പോലും അവിടെ പ്രാർത്ഥിക്കാനുണ്ടായിരുന്നു. കോടാനുകോടി ജനങ്ങളാണ് അവിടെ പ്രാർത്ഥിക്കാൻ വേണ്ടി എത്തിയിരുന്നത്. നല്ല തണുപ്പായിരുന്നു. അവിടെ നിന്നും പ്രാർത്ഥനകഴിഞ്ഞ് റൂമിലേക്ക് പോയി. പുലർച്ചെ അമ്പലത്തിൽ പോയി. ആനകളെയൊക്കെ കണ്ട് ഗുരുവായൂരിൽ നിന്നും നെടുമ്പാശ്ശേരി എയർപോർട്ടിലേക്കാണ് പോയത്. അച്ഛൻ പറഞ്ഞു വിമാനത്തിൽ കയറി നമുക്ക് കോഴിക്കോട് പോകാം എന്ന് . ആദ്യമൊക്കെ വിമാനത്തിൽ കയറാൻ പേടിയായിരുന്നു. എന്നാൽ, വിമാനത്തിൽ കയറിയപ്പോൾ നല്ല സന്തോഷം തോന്നി . വിമാനത്തിൽ നിന്നും താഴേക്കുനോക്കുമ്പോൾ നല്ല പ്രകൃതി ഭംഗിയുള്ള സ്ഥലമായിരുന്നു. വീടുകളും ഫ്ളാറ്റുകളുമൊക്കെ തെർമോക്കോൾ കൊണ്ട് ഉണ്ടാക്കിയതുപോലെ വളരെ ചെറുതായിരുന്നു. അങ്ങനെപറന്ന് പറന്ന് വിമാനത്തിൽ നിന്നു. ഞങ്ങൾ കോഴിക്കോടെത്തി. അവിടെ നിന്നും കണ്ണൂരിലേക്ക് തീവണ്ടികയറി. കണ്ണൂരിൽ നിന്ന് ഞങ്ങൾ വീട്ടിലേക്ക് മടങ്ങി.

വളരെ സന്തോഷകരമായ യാത്രയായിരുന്നു. ആദ്യത്തെ തീവണ്ടിയാത്രയും ആകാശയാത്രയും അതായിരുന്നു. മറക്കാനാവാത്ത യാത്രാനുഭവമായിരുന്നു അത്.



-ഹൃദ്യശ്രീ .കെ .എസ്




# സ്ത്രീ

അമ്മയായ്, മകളായ് , പെങ്ങളായ്
അവൾ വളരുന്നു നമ്മുടെ കൂടെയെന്നും
തിളങ്ങുന്ന സൂര്യനായ് എപ്പൊഴും
കൂടെയുണ്ടല്ലോ "സ്ത്രീ" എന്ന ദേവി...
പീഡനങ്ങളൊക്കെയും സഹിച്ച് നാലു
ചുമരുകൾക്കിടയിൽ അടുപ്പിന്റെ പുകകൊണ്ട്
കുടുംബവിളക്കായ് എല്ലാവരുടെയും
വയറുനിറയ്ക്കുന്ന സ്ത്രീ....
ആരുമറിയുന്നതില്ല ആ സ്ത്രീകൾ
തൻ ദുരിതവും കഷ്ടപ്പാടുകളും
തലമുറകളെയൊക്കെയും പത്തുമാസം
തൻ ഗർഭാശയത്തിൽ ചുമന്നുകൊണ്ട്
താൻ പ്രസവിച്ച് മക്കൾക്കും കുടുംബത്തിനും
വേണ്ടി ജീവിച്ചു തീർക്കുന്ന
സ്ത്രീകൾ തൻ ജീവിതം നരഗതുല്യം

-തന്മയ.രമേശൻ

# ഉപന്യാസം

**വിഷയം : പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രസക്തി**



ശ്യാമസുന്ദരകേരകേദാര ഭൂമി  പ്രളയഭൂമിയായി മാറിയതിൽ പരിസ്ഥിതി സംരക്ഷണത്തിൽ  കേരളത്തിനുണ്ടായ തെറ്റിനെ സൂചിപ്പിക്കുന്നു. പരിസ്ഥിതി ഭാവിതലമുറയ്ക്കും കൂടിയുള്ളതാണ്. എന്നാൽ ഇതുമറന്ന് ജനം കുന്നിടിച്ചു. തോടുകളും വയലുകളും നികത്തിയും പുഴകൾ  കൈയേറിയും പരിസ്ഥിതിയെ നശിപ്പിച്ചു. ഇതിൻെറ ഫലമല്ലേ  2018,19 വർഷങ്ങളിൽ നടന്ന പ്രളയം? പരിസ്ഥിതി സംരക്ഷണത്തിനായി ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെ സൂചിപ്പിക്കുന്നു

പുഴയിലേക്കെറിയുന്ന  പ്ലാസ്റ്റിക്ക് കുപ്പികളും, വേസ്റ്റുകളും, ഇടിച്ചുനിരത്തുന്ന കുന്നുകളും കേരളത്തിലെ നിത്യകാഴ്ചകളിൽ ചിലതാണ്. റോഡരികുകളിൽ കൂട്ടിയ മാലിന്യങ്ങൾ  ആരെയും  മൂക്ക് പൊത്തിക്കുന്നു . അനിയന്ത്രിതമായി  നടത്തുന്ന ക്വാറികൾ  അവ സ്വയം ആപത്ത് വിളിച്ചു വരുത്തുകയാണെന്നാരറിഞ്ഞു . അറിയാതെയൊന്നുമല്ല , അറിഞ്ഞില്ലെന്നു നടിക്കുന്നു

ഒഴുക്ക് തടസ്സപ്പെട്ട ജലം മഴവെള്ളത്തിന്റെ  സഹായത്തോടെ ശക്തിപ്രാപിച്ച് മറ്റൊരരു വഴിയിലൂടെ ഒഴുകുന്നു. ഇളകിനിൽക്കുന്ന  കുന്നുകൾ, ശക്തമായ മഴപെയ്യുമ്പോൾ  പൊട്ടിയൊലിച്ച് മലയിറങ്ങി താഴ്വാരത്തേക്ക് . ഈ ശക്തിപ്രവാഹത്തിൽ എത്രയെത്ര ജീവനുകൾ, സ്വപ്നങ്ങൾ പൊലിഞ്ഞിരിക്കുന്നു. പുഴയമ്മ കഴിഞ്ഞ  പ്രളയത്തിൽ  കരയിലടുപ്പിച്ച  മാലിന്യങ്ങളെല്ലാം ജെ.സി.ബിയുടെ  വൻകരങ്ങളാൽ വീണ്ടും  പൊക്കിവെള്ളത്തിലേക്ക്.

നമുക്ക് പരിസ്ഥിതി സംരക്ഷിക്കണം. മരങ്ങൾ വളർത്തണം, പുഴയുടെ ഓളങ്ങളെ അറിയണം, കുന്നിൻെറ ഗർഭഭിത്തിയിലെ ജനത്തെ തിരിച്ചറിഞ്ഞ് പ്രവർത്തിക്കണം.ഇനിയൊരടി താങ്ങാൻ കഴിഞ്ഞില്ലെങ്കിലോ നമുക്ക് ?

<u>നമ്മുടെ നാടിനു വേണ്ടി  നമ്മുക്ക് ഒരുമിച്ച്  കൈ കോർക്കാം</u>

–അക്ഷയ .ആർ .പി